11
ചൊവ്വ
2018 സപ്തംബർ
1194 ചിങ്ങം 26

മക്തബ്

www.makthabdaily.com

റെഡിമെയ്ഡ്
കട്ടിള
ജനൽ
ഡോർ
കട്ടിള 3,750/-
3 പാളി ജനൽ 9,350/-
ഡോർ 2,400/-
സോന വുഡ്
N.H ചിറവക്ക്, തളിപ്പറമ്പ് | N.H മാങ്ങാട്
Mob: 8592 888005 | 8593 888 013

തളിപ്പറമ്പ പുസ്തകം 11 ലക്കം 273 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2018-20 Ph: 0460- 2208010 പേജ് 4 വില: 5.00 രൂപ

സർക്കാറിനെതിരെ കന്യാസ്ത്രീകൾ യെച്ചൂരിക്ക് പരാതി നൽകി

കോട്ടയം: കന്യാസ്ത്രീയെ ജലന്ധർ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ പീഡിപ്പിച്ചുവെന്ന കേസിൽ നീതി തേടി കന്യാസ്ത്രീകൾ സി.പി.എം അഖിലേന്ത്യാ സെക്രട്ടറിക്ക് പരാതി നൽകി. പീഡന പരാതി നൽകി 75 ദിവസം പിന്നിട്ടിട്ടും ബിഷപ്പിനെ അറസ്റ്റ് ചെയ്യാൻ പോലീസ് തയ്യാറാകാത്ത സാഹചര്യത്തിലാണ് സീതാറാംയെച്ചൂരിക്ക് ഇ-മെയിൽ മുഖേന പരാതി അയച്ചത്. സർക്കാരും സഭയും പോലീസും ഒത്തുകളിച്ച് നീതി നിഷേധിക്കുകയാണെന്ന് പരാതിയിൽ ചൂണ്ടിക്കാണിച്ചു. അതിനാൽ സി.പി.എം നേതൃത്വം ഇടപെട്ട് നീതി ഉറപ്പാക്കണമെന്നാണ് പരാതിയിലെ ആവശ്യം.

ആദ്യം അന്വേഷണം ശക്തമായിരുന്നെങ്കിലും ഇടക്കാലത്ത് അന്വേഷണം നിർജീവമായെന്ന് പരാതിയിൽ ചൂണ്ടിക്കാണിച്ചു. ബിഷപ്പിനെ സംരക്ഷിക്കാനുള്ള നീക്കം നടക്കുകയാണെന്ന ആശങ്കയും പരാതിയിൽ പങ്കുവെച്ചിട്ടുണ്ട്.

അതിനിടെ ബിഷപ്പിനെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ ഹൈക്കോടതി ജംഗ്ഷനിൽ നടത്തിവരുന്ന സമരത്തിന് ജനപിന്തുണയേറി. നിരവധി പ്രമുഖ വ്യക്തികൾക്കൊപ്പം സാധാരണക്കാരും വിവിധ സംഘടനാ പ്രതിനിധികളും ഐക്യദാർഢ്യം പ്രകടിപ്പിച്ച് ഇന്ന് സമരപന്തലിൽ എത്തി. സെക്രട്ടറിയേറ്റ് നടയിലും സമരം തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

അതിനിടെ കന്യാസ്ത്രീയെ അധിക്ഷേപിച്ച പി.സി ജോർജ് എം.എൽ.എക്കെതിരെ 'വായമൂടെടാ പി.സി' എന്ന ഹാഷ്ടാഗിൽ നവമാധ്യമങ്ങളിൽ വ്യാപകമായി പ്രചാരണം തുടങ്ങിയിട്ടുണ്ട്. പല പ്രമുഖരും ഹാഷ്ടാഗിൽ രൂക്ഷമായി പ്രതികരിച്ചിട്ടുണ്ട്. ആ കക്കൂസ് വായയുടെ ദുർഗന്ധം അൽപ്പമെങ്കിലും ശമിപ്പിക്കാനായെങ്കിലും സന്തോഷം എന്ന് പറഞ്ഞാണ് നടി സജിത മഠത്തിൽ പ്രതികരിച്ചത്.

പുകയില ഉൽപ്പന്നങ്ങളുമായി തലശേരിയിൽ പിടിയിലായ അക്തർ ജമാൽ പ്രാണിക്

പുകയില ഉൽപ്പന്നങ്ങളുടെ വൻ ശേഖരവുമായി മറുനാടൻ തൊഴിലാളി പിടിയിൽ

തലശേരി: നിരോധിത പുകയില ഉൽപ്പന്നങ്ങളുടെ വൻ ശേഖരവുമായി മറുനാടൻ തൊഴിലാളിയെ തലശേരി പ്രിൻസിപ്പൽ എസ്.ഐ അനിൽ അറസ്റ്റ് ചെയ്തു. ബംഗാൾ സ്വദേശി അക്തർ ജമാൽ പ്രാണിക് (32) ആണ് പിടിയിലായത്. ഇന്ന് രാവിലെ തലശേരി പുതിയ സ്റ്റാന്റിൽ ആവശ്യക്കാർക്ക് പുകയില ഉൽപ്പന്നങ്ങൾ കൈമാറവെയാണ് പിടിയിലായത്. തുടർന്ന് ഇയാളുടെ താമസസ്ഥലത്ത് പരിശോധന നടത്തിയാണ് നിരോധിത പുകയില ഉൽപ്പന്നങ്ങളുടെ വൻ ശേഖരം പിടികൂടിയത്. സിവിൽ പോലീസ് ഓഫീസർമാരായ രഞ്ജിത്ത്, ബൈജു എന്നിവരും പരിശോധന സംഘത്തിലുണ്ടായിരുന്നു.

പ്രതിഷേധവും ഫലിച്ചില്ല പെട്രോൾ, ഡീസൽ വില ഇന്നും കുതിച്ചുയർന്നു

കോഴിക്കോട്: ഇന്ധന വില വർധനവിൽ പ്രതിഷേധിച്ച് ഇന്നലെ അഖിലേന്ത്യാ ബന്ദും ഹർത്താലും നടന്നുവെങ്കിലും ഇന്ന് പെട്രോൾ, ഡീസൽ വില കുതിച്ചുയർന്നു. പെട്രോളിന് 14 പൈസയും ഡീസലിന് 15 പൈസയുമാണ് ഇന്ന് വർധിച്ചത്. മഹാരാഷ്ട്രയിലെ പർഭാനി നഗരത്തിൽ ഇന്ന് പെട്രോൾവില 90.05 രൂപയിലേക്ക് കുതിച്ചു. പെട്രോളിനും ഡീസലിനും ഏറ്റവുമധികം തീരുവ ചുമത്തുന്ന സംസ്ഥാനങ്ങളിലൊന്നാണ് മഹാരാഷ്ട്ര. കേന്ദ്ര-സംസ്ഥാന നികുതികളായി 65 ശതമാനം തീരുവയാണ് നിലവിലുള്ളത്. ഇതിന് പുറമെ 25 ശതമാനം മൂല്യ വർധിത നികുതിയും ഒമ്പത് രൂപ സർചാർജ്ജുമുണ്ട്. ഇതാണ് ഇത്രയും ഭീമമായ തുക ഇന്ധനത്തിനുണ്ടാകാൻ കാരണമായത്.

ഇന്ധനവില വർധനവ് ഈ നിലയിൽ പോകുകയാണെങ്കിൽ അധികം വൈകാതെ ലിറ്ററിന് 100 രൂപയാകുമെന്നാണ് സൂചന. തളിപ്പറമ്പിൽ ഇന്ന് പെട്രോളിന്റെ വില 83.23യായും ഡീസൽ വില 77.23യായും ഉയർന്നു.

നീതി ലഭിക്കും വരെ പോരാട്ടം തുടരുമെന്ന് സിസ്റ്റർ അനുപമ

കൊച്ചി: പീഡനത്തിനിരയായ കന്യാസ്ത്രീക്ക് നീതി ലഭിക്കും വരെ പോരാട്ടം തുടരുമെന്ന് സിസ്റ്റർ അനുപമ പറഞ്ഞു. തങ്ങൾ നടത്തുന്നത് നീതിക്ക് വേണ്ടിയുള്ള സമരമാണ്. ഇക്കാര്യത്തിൽ പിറകോട്ടു പോകുന്ന പ്രശ്നമില്ല. കൂടുതൽ ആളുകൾ കാര്യങ്ങൾ മനസിലാക്കി വരികയാണ്. സെക്രട്ടേറിയറ്റ് നടയിൽ നടക്കുന്ന സമരത്തിലും തങ്ങൾ പങ്കാളികളാകും. പി.സി.ജോർജിനെതിരെ പീഡനത്തിനിരയായ കന്യാസ്ത്രീ മൊഴി നൽകുമെന്നും അനുപമ കൂട്ടിച്ചേർത്തു.

കാറിൽ കടത്തിയ കഞ്ചാവുമായി ഏഴംഗസംഘം പിടിയിൽ

മുഴക്കുന്ന്: കാറിൽ കടത്തുകയായിരുന്ന കഞ്ചാവ് സഹിതം ഏഴംഗസംഘത്തെ മുഴക്കുന്ന് എസ്.ഐ പി.വിജേഷിന്റെ നേതൃത്വത്തിൽ പിടികൂടി. കീഴൂർ സ്വദേശികളായ സാജിദ മൻസിലിൽ പി.കെ.അസ്താഫ് (24), അഫീദ മൻസിലിൽ സി.കെ. അഫ്സൽ (24), തഫ്നാസിൽ എം.കെ.ഷഫ്ലുദ്ദീൻ (25), സക്കരിയ മൻസിലിൽ മുഹമ്മദ് ജിസാദ് (23), തറാൻ ഹൗസിൽ മുഹമ്മദ് (25), കരുവാന്റെ വളപ്പിൽ ആസിഫ് (23), റംസത്ത് മൻസിലിൽ എം.എസ്.മുഹമ്മദ്ആഷിഖ് (25) എന്നിവരാണ് പിടിയിലായത്. ഇന്നലെ വൈകുന്നേരം വിളക്കോട് വച്ചാണ് ഇവരെ പിടികൂടിയത്. ഇവർ സഞ്ചരിച്ച കെ.എൽ 58 പി 4796 മാരുതി കാർ കസ്റ്റഡിയിലെടുത്തു. കാറിൽ 80 ഗ്രാം കഞ്ചാവുമുണ്ടായിരുന്നു.

പതിനൊന്നുകാരിയെ പീഡിപ്പിക്കാൻ ശ്രമം; യുവാവ് പിടിയിൽ

പയ്യന്നൂർ: അമ്മയോടൊപ്പം വയലിൽ പോയ പതിനൊന്നുകാരിയെ പീഡിപ്പിച്ച മധ്യവയസ്കൻ അറസ്റ്റിൽ. കുഞ്ഞിമംഗലം കുതിരുമ്മലിലെ രമേശൻ (49) ആണ് പിടിയിലായത്. പോക്സോ നിയമപ്രകാരം പയ്യന്നൂർ പോലീസാണ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ ദിവസമാണ് സംഭവം. അമ്മക്കൊപ്പം വയലിലേക്ക് പോയ കുട്ടി വയലിനടുത്ത വീട്ടിൽ കളിച്ചുകൊണ്ടിരിക്കെ വീട്ടുകാരൻ പ്രലോഭിപ്പിച്ച് അകത്തേക്ക് കൂട്ടിക്കൊണ്ടുപോയി പീഡിപ്പിക്കാൻ ശ്രമിച്ചുവെന്നാണ് കേസ്.

കഞ്ചാവുമായി പിടിയിൽ

കണ്ണൂർ: കഞ്ചാവ് സഹിതം യുവാവിനെ കണ്ണൂർ എക്സൈസ് സ്പെഷ്യൽ സ്കാഡ് പിടികൂടി. ചെറുകുന്ന് ചൈനാക്ലേയിലെ ടി. ആകാശിനെയാണ് (20) കണ്ണൂർ തെക്കീ ബസാറിൽ വെച്ച് എക്സൈസ് പിടികൂടിയത്. ഇയാളുടെ പക്കൽ നിന്ന് 12 ഗ്രാം കഞ്ചാവ് പിടിച്ചെടുത്തു. പ്രിവന്റീവ് ഓഫീസർ സി.വി. ദിലീപ്, സി.ഇ.ഒമാരായ എം. സജിത്ത്, സതീഷ്, വനിത സി.ഇ.ഒ പി.വി. ദിവ്യ എന്നിവരടങ്ങിയ സംഘമാണ് യുവാവിനെ പിടികൂടിയത്.

പെൺകെണി: മന്ന സ്വദേശിയായ ഗൾഫുകാരനെ പോലീസ് തിരയുന്നു

തളിപ്പറമ്പ: പെൺകെണി കേസിൽ തളിപ്പറമ്പ് മന്ന സ്വദേശിയായ ഗൾഫുകാരനെ പോലീസ് തിരയുന്നു. കേസിലെ പ്രധാന പ്രതി പയ്യന്നൂർ കാങ്കോൽ സ്വദേശിയും കുറുമാത്തൂർ വെള്ളാരംപാറയിൽ താമസക്കാരനുമായ മുസ്തഫയെ കസ്റ്റഡിയിൽ വാങ്ങി പോലീസ് ചോദ്യം ചെയ്തപ്പോൾ സംഘത്തിലുൾപ്പെട്ട സമീറ എന്ന യുവതിയെ മുസ്തഫക്ക് പരിചയപ്പെടുത്തിയത് മുഖ്യം സ്വദേശിയായ സമീറാണെന്ന് വീട്ടുകാർക്ക് നിർദേശം നൽകി തെളിഞ്ഞിരുന്നു. സമീറിനെ ചോദ്യം ചെയ്തപ്പോൾ അടുത്ത കാലത്ത് ഗൾഫിൽ നിന്ന് നാട്ടിൽ തിരിച്ചെത്തിയ മന്ന സ്വദേശിയാണ് യുവതിയെ തനിക്ക് പരിചയപ്പെടുത്തിയതെന്ന് വ്യക്തമാക്കിയിരുന്നു. ഈ യുവാവിനെ തേടി കഴിഞ്ഞദിവസം പോലീസ് വീട്ടിലെത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. ഇതേ തുടർന്ന് ഇന്നലെ പോലീസ് സ്റ്റേഷനിൽ ഹാജരാകാൻ പറയണമെന്ന് വീട്ടുകാർക്ക് നിർദേശം നൽകി പോലീസ് മടങ്ങി. എന്നാൽ ഇന്നലെ ഇയാൾ ഹാജരായില്ല. പോലീസ് അന്വേഷിച്ച് വീട്ടിൽ ചെല്ലുമ്പോഴേക്കും ഇയാൾ മുങ്ങിയിരുന്നു. ഇയാൾക്ക് വേണ്ടി തിരച്ചിൽ തുടങ്ങിയിട്ടുണ്ട്.

അതിനിടെ പെൺകെണി അന്വേഷണത്തിന് പുതിയ സ്കാഡിന് രൂപം നൽകി. ഡി.വൈ.എസ്.പി കെ.വി. വേണുഗോപാൽ, എസ്.ഐ കെ. ദിനേശൻ, സീനിയർ സി.പി.ഒമാരായ സുരേഷ് കക്കറ, മുഹമ്മദ് റൗഫ്, ജാബിർ, സ്നേഹേഷ് എന്നിവർ ഉൾപ്പെട്ടതാണ് സ്കാഡ്. പെൺകെണി സംബന്ധിച്ച പുനരന്വേഷണത്തിന് പുറമെ ഈ കേസിലെ പ്രതിയായ റുവൈസിനെ കണ്ടെത്താനുള്ള ചുമതലയും സംഘത്തിലാണ്. കേസിൽ അറസ്റ്റിലായ പുതിയ സ്കാഡിന്റെ നേതൃത്വത്തിൽ നടക്കും.

ആഘോഷങ്ങളില്ലാതെ സംസ്ഥാന സ്കൂൾ കലോത്സവം നടത്തും

തിരുവനന്തപുരം: ആഘോഷങ്ങളില്ലാത്ത സംസ്ഥാന സ്കൂൾ കലോത്സവം നടത്താൻ തീരുമാനം. അമേരിക്കയിൽ ചികിത്സയിൽ കഴിയുന്ന മുഖ്യമന്ത്രി പിണറായി വിജയൻ ഇതു സംബന്ധിച്ച് ഉന്നത ഉദ്യോഗസ്ഥരുമായി സംസാരിച്ച് നിർദേശം നൽകി. സംസ്ഥാനം പ്രളയത്തിൽ അകപ്പെട്ടതിനെ തുടർന്നാണ് സ്കൂൾ കലോത്സവം ഉൾപ്പെടെയുള്ള എല്ലാ പരിപാടികളും നടത്തേണ്ടായെന്ന് നേരത്തെ തീരുമാനിച്ചത്. എന്നാൽ വിദ്യാർത്ഥികളുടെ ഗ്രേസ് മാർക്കിനെ ഉൾപ്പെടെ കലോത്സവം നടക്കാത്തത് ബാധിക്കുമെന്നതിനാലാണ് ആഘോഷങ്ങളില്ലാതെ നടത്താൻ ധാരണയായത്.

ഏത് രീതിയിൽ നടത്തണമെന്നതിനെ സംബന്ധിച്ച് ഇന്ന് മാനുവൽ പരിഷ്ക്കരണ സമിതി യോഗം ചേർന്ന് തീരുമാനിക്കും. അപ്പീൽ പൂർണ്ണമായും ഇല്ലാതാക്കുമെന്നാണ് സൂചന. കായികമേള നടത്തണമോയെന്നത് സംബന്ധിച്ചും അടുത്ത ദിവസം തീരുമാനമെടുക്കും.

ബൈക്കിന് സൈഡ് കൊടുത്തില്ലെന്നാരോപിച്ച് യുവാവിനെ അക്രമിച്ച മൂന്നുപേർ അറസ്റ്റിൽ

മയ്യിൽ: ബൈക്കിന് സൈഡ്കൊടുത്തില്ലെന്ന് ആരോപിച്ച് ഉടലെടുത്ത തർക്കത്തിനിടയിൽ യുവാവിനെ മർദിച്ച കേസിൽ മൂന്നുപേരെ മയ്യിൽ എസ്.ഐ എൻ.പി. രാഘവൻ അറസ്റ്റ് ചെയ്തു. കൊളച്ചേരിപ്പറമ്പിലെ മുരിക്കഞ്ചേരി വിഷ്ണുവിനെ (23) അക്രമിച്ച കേസിൽ കൊളച്ചേരിപ്പറമ്പ് സ്വദേശികളായ കുളത്തിഞ്ചാൽ എ.വി. ശ്രീജൻ (42), കൊളത്തിഞ്ചാൽ എൻ. സത്യൻ (42), ഷംനാവാസിൽ എ. പ്രസാദ് (35) എന്നിവരാണ് പിടിയിലായത്. കഴിഞ്ഞദിവസം വിഷ്ണുവിന്റെ സുഹൃത്ത് വൈഷ്ണവിന്റെ ബൈക്ക് പ്രസാദ് ഓടിച്ച ബൈക്കിന് സൈഡ് കൊടുത്തില്ലെന്ന് പറഞ്ഞ് വാക്ക്തർക്കം നടന്നിരുന്നു. വൈഷ്ണവിനെ ചോദ്യം ചെയ്യുന്നതിനിടയിൽ സ്ഥലത്തെത്തിയ വിഷ്ണു പ്രശ്നത്തിൽ ഇടപെട്ടതോടെ പ്രതികൾ മർദിച്ചുവെന്നാണ് പരാതി.

ബസിൽ ആറാംക്ലാസുകാരനെ മടിയിൽപിടിച്ചിരുത്തി പീഡനശ്രമം; ഫോട്ടോഗ്രാഫർ അറസ്റ്റിൽ

ശ്രീകണ്ഠപുരം: സ്വകാര്യ ബസിൽ ആറാംക്ലാസുകാരനെ മടിയിൽപ്പിടിച്ചിരുത്തി പ്രകൃതിവിരുദ്ധ പീഡനത്തിന് ശ്രമിച്ച ഫോട്ടോഗ്രാഫർ അറസ്റ്റിൽ. കൊട്ടൂർവയലിൽ വാടകക്ക് താമസിക്കുന്ന ഉളിക്കൽ നുച്ചിയാട് മണിപ്പാറയിലെ വലിയകട്ടയിൽ ജെയിംസിനെയാണ് (50) പയ്യാവൂർ എസ്.ഐ ജോൺസൺ ടി. സ്കറിയ അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ ദിവസമാണ് സംഭവം. ശ്രീകണ്ഠപുരത്ത് നിന്ന് ചന്ദനക്കാംപാറയിലേക്ക് പോവുകയായിരുന്ന ബസിൽവെച്ച് വിദ്യാർത്ഥിയെ ജെയിംസ് മടിയിൽപ്പിടിച്ചിരുത്തുകയായിരുന്നു. വിദ്യാർത്ഥി വീട്ടിലേക്ക് പോവുകയായിരുന്നു. പീഡനശ്രമത്തെ തുടർന്ന് കുട്ടി നിലവിളിച്ചു. ഇതോടെ ബസ് യാത്രക്കാരും ജീവനക്കാരും ജെയിംസിനെ കൈകാര്യം ചെയ്ത് പോലീസിൽ ഏൽപ്പിക്കുകയായിരുന്നു. ജെയിംസിനെ കോടതി റിമാന്റ് ചെയ്തു.